**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1182** **10-08-2023 - ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാനക്കാരുടെ കുട്ടവഞ്ചി ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അന്യസംസ്ഥാനക്കാരായ ആളുകൾ കൊട്ടവഞ്ചി ഉപയോഗിച്ച് കേരളത്തിൽ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | അന്യസംസ്ഥാനക്കാരായ ആളുകൾ കുട്ടവഞ്ചി ഉപയോഗിച്ച് കേരളത്തിൽ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് 2010, കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് (2021) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്ത് കുട്ടവഞ്ചി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനു ഓരോ വ്യക്തിയും നിശ്ചിത ഫീസ് ഒടുക്കി രജിസ്ട്രേഷനും ലൈസൻസും നേടേണ്ടതുണ്ട്. രജിസ്ട്രേഷനും ലൈസൻസും നേടാതെ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നത് തടയുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, എറണാകുളം, കാസർഗോഡ് ജില്ലകളിൽ അന്യസംസ്ഥാനക്കാരായ ആളുകൾ കുട്ടവഞ്ചി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്ത ഇവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്ന ഇതര സംസ്ഥാനക്കാർക്ക് തിരിച്ചറിയൽ രേഖകൾ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഇത്തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തി പിടിക്കപ്പെട്ടവരിൽ ചിലർ തിരിച്ചറിയൽ രേഖ ഹാജരാക്കിയിട്ടുണ്ട്. കുട്ടവഞ്ചികളിൽ മത്സ്യബന്ധനം നടത്തുന്നവരിൽ മിക്കവർക്കും തിരിച്ചറിയൽ രേഖ, യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷനും ലൈസൻസും നേടാതെ അനധികൃത മത്സ്യബന്ധനം നടത്തിയവരുടെ മത്സ്യബന്ധന ഉപകരണങ്ങൾ പിടിച്ചെടുക്കുകയും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്റ്റ് 2010, കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് 2021 |

| | | | |
|---|---|---|---|
| | | | എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്, |

സെക്ഷൻ ഓഫീസർ